# മഹാത്മാ ഗാന്ധി സർവ്വകലാശാല

## പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം

പ്രിയദർശിനി ഹിൽസ് പി.ഒ., കോട്ടയം–686 560

ഫോൺ: 0481 – 2733298, മൊബൈൽ : 9495119702

2019 ജനവരി 18

# വാർത്താക്കുറിപ്പ്

---

**പരീക്ഷ തീയതി**

എറണാകുളം ഗവൺമെന്റ് ലോ കോളേജിലെ ഒന്നു മുതൽ നാലു വരെ സെമസ്റ്റർ പഞ്ചവത്സര ബി.എ. എൽ.എൽ.ബി. (2011ന് മുമ്പുള്ള അഡ്മിഷൻ സപ്ലിമെന്ററി) പരീക്ഷകൾ ഫെബ്രുവരി 20ന് ആരംഭിക്കും. പിഴയില്ലാതെ ജനവരി 30 വരെയും 500 രൂപ പിഴയോടെ 31 വരെയും 1000 രൂപ സൂപ്പർഫൈനോടെ ഫെബ്രുവരി ഒന്നു വരെയും അപേക്ഷിക്കാം. വീണ്ടുമെഴുതുന്നവർ പേപ്പറൊന്നിന് 30 രൂപ വീതം (പരമാവധി 200 രൂപ) സി.വി. ക്യാമ്പ് ഫീസായി പരീക്ഷാഫീസിന് പുറമെ അടയ്ക്കണം. വിദ്യാർഥികൾ ആദ്യ മേഴ്സി ചാൻസ് പരീക്ഷ ഫീസായി 5000 രൂപ പരീക്ഷാഫീസിനും സി.വി. ക്യാമ്പ് ഫീസിനും പുറമെ അടയ്ക്കണം. അഞ്ച്, ആറ്, ഏഴ്, എട്ട്, ഒൻപത്, പത്ത് സെമസ്റ്റർ മേഴ്സി ചാൻസ് 2018 പരീക്ഷയ്ക്ക് ഫീസടച്ചിട്ടുള്ള വിദ്യാർഥികൾ വീണ്ടും ഫീസടയ്ക്കേണ്ടതില്ല. സ്പെഷൽ ഫീസടച്ചതിന്റെ ഇ-രസീത് അപേക്ഷയോടൊപ്പം സമർപ്പിക്കണം.

(പി.ആർ.ഒ./39/83/2019)

**പ്രാക്ടിക്കൽ**

എം.എസ്‌സി. (ഐ.ടി.) ഓഫ് കാമ്പസ് മെയ് 2018 പരീക്ഷയുടെ വൈവാവോസി/ പ്രോജക്ട് മൂല്യനിർണയം, പ്രാക്ടിക്കൽ ജനവരി 24, 25, 28 തീയതികളിൽ പത്തനംതിട്ട സ്റ്റാസ്, സീപാസിൽ നടക്കും. മൂല്യനിർണയത്തിനുള്ള പ്രോജക്ട് അന്നേദിവസംതന്നെ സമർപ്പിക്കണം. വിശദമായ ടൈംടേബിൾ സർവകലാശാല വെബ്സൈറ്റിൽ ലഭിക്കും.

(പി.ആർ.ഒ./39/84/2019)

മൂന്നാം സെമസ്റ്റർ ബി.എസ്‌സി. അപ്പാരൽ ആന്റ് ഫാഷൻ ഡിസൈൻ ആന്റ് ബി.എഫ്.ടി. (യു.ജി. - സി.ബി.സി.എസ്. - 2017 അഡ്മിഷൻ റഗുലർ) നവംബർ 2018 പരീക്ഷയുടെ പ്രാക്ടിക്കൽ ജനവരി 21 മുതൽ വിവിധ കോളേജുകളിൽ നടക്കും. വിശദമായ ടൈംടേബിൾ സർവകലാശാല വെബ്സൈറ്റിൽ ലഭിക്കും.

(പി.ആർ.ഒ./39/85/2019)

**പരീക്ഷ ഫലം**

2018 ഒക്ടോബറിൽ നടന്ന നാലാം സെമസ്റ്റർ മാസ്റ്റർ ഓഫ് പബ്ലിക് ഹെൽത്ത് റഗുലർ പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. സൂക്ഷ്മപരിശോധനയ്ക്ക് ഫെബ്രുവരി ഒന്നു വരെ അപേക്ഷിക്കാം.

(പി.ആർ.ഒ./39/86/2019)

**എം.ജി. സർവകലാശാല എൻ.എസ്.എസ്.**

**അവാർഡ് വിതരണം നടന്നു**

മഹാത്മാ ഗാന്ധി സർവകലാശാല നാഷണൽ സർവ്വീസ് സ്കീമിന്റെ 2017-18 വർഷത്തെ അവാർഡ് ദാനം സർവകലാശാല അസംബ്ലിഹാളിൽ വൈസ് ചാൻസലർ പ്രൊഫ. സാബു തോമസ് നിർവ്വഹിച്ചു. സിൻഡിക്കേറ്റംഗം ഡോ. എ. ജോസ് അധ്യക്ഷത വഹിച്ചു.

സർവകലാശാലയിലെ ഏറ്റവും മികച്ച എൻ.എസ്.എസ്. യൂണിറ്റിനും മികച്ച പ്രോഗ്രാം ഓഫീസർക്കും മികച്ച പ്രിൻസിപ്പലിനുമുള്ള മോസസ് ട്രോഫി അവാർഡും മെരിറ്റ് സർട്ടിഫിക്കറ്റും അരുവിത്തുറ സെന്റ് ജോർജ് കോളേജിനുവേണ്ടി പ്രിൻസിപ്പൽ ഡോ. എം.വി. ജോർജ്കുട്ടി, പ്രോഗ്രാം

ഓഫീസർ സിനി ജേക്കബ് എന്നിവർ ഏറ്റുവാങ്ങി. മികച്ച മറ്റു കോളേജുകൾക്കും വോളണ്ടിയർമാർക്കും മെരിറ്റ് സർട്ടിഫിക്കറ്റുകൾ നൽകി.

സർവകലാശാല എൻ.എസ്.എസ്. പ്രോഗ്രാം കോ-ഓർഡിനേറ്റർ പ്രൊഫ. എം.ജെ. മാത്യു, സിൻഡിക്കേറ്റംഗം ഡോ. വി.എസ്. പ്രവീൺകുമാർ, ഡോ. എം.വി. ജോർജ്കുട്ടി, പ്രൊഫ. സിനി ജേക്കബ്, ഡോ. പ്രീത, ഡോ. അജിത് ജയിംസ്, പ്രൊഫ. നീതു ജോസ് എന്നിവർ പ്രസംഗിച്ചു.

(പി.ആർ.ഒ./39/87/2019)

## ഫോട്ടോ ക്യാപ്ഷൻ

**എം.ജി. സർവകലാശാല നാഷണൽ സർവ്വീസ് സ്‌കീമിന്റെ 2017-18 വർഷത്തെ മികച്ച എൻ.എസ്.എസ്. യൂണിറ്റിനും പ്രോഗ്രാം ഓഫീസർക്കും പ്രിൻസിപ്പലിനുമുള്ള മോസസ് ട്രോഫി അവാർഡും മെരിറ്റ് സർട്ടിഫിക്കറ്റും വൈസ് ചാൻസലർ പ്രൊഫ. സാബു തോമസ് അരുവിത്തുറ സെന്റ് ജോർജ് കോളേജ് പ്രിൻസിപ്പൽ ഡോ. എം.വി. ജോർജ്കുട്ടി, പ്രോഗ്രാം ഓഫീസർ സിനി ജേക്കബ് എന്നിവർക്ക് സമ്മാനിക്കുന്നു**

## യോഗ പരിശീലനം കാലഘട്ടത്തിന്റെ ആവശ്യം: പ്രൊഫ. സാബു തോമസ്

മഹാത്മാ ഗാന്ധി സർവകലാശാല സെന്റർ ഫോർ യോഗ ആന്റ് നാച്ചുറോപ്പതിയുടെയും സ്‌കൂൾ ഓഫ് പെഡഗോഗിക്കൽ സയൻസസിന്റെയും സംയുക്താഭിമുഖ്യത്തിൽ 'യോഗ: മുൺഡേയ്ൻ ആന്റ് ട്രാൻസെൻഡെന്റൽ' എന്ന വിഷയത്തിൽ ദേശീയ സെമിനാർ നടത്തി. സ്‌കൂൾ ഓഫ് പെഡഗോഗിക്കൽ സയൻസസിൽ നടന്ന സെമിനാർ വൈസ് ചാൻസലർ പ്രൊഫ. സാബു തോമസ് ഉദ്ഘാടനം ചെയ്തു.

യോഗ പരിശീലിക്കേണ്ടത് കാലഘട്ടത്തിന്റെ ആവശ്യമാണെന്നും എല്ലാവരിലേക്കും യോഗയുടെ പ്രസക്തി എത്തിക്കാനായി സെന്റർ ഫോർ യോഗയുടെ ആഭിമുഖ്യത്തിൽ പി.ജി. തല യോഗ കോഴ്‌സുകളും സായാഹ്ന കോഴ്‌സുകളും സർവകലാശാലയിൽ ആരംഭിക്കുമെന്നും അദ്ദേഹം പറഞ്ഞു.

ഫ്‌ളോറിഡ ഹിന്ദു യൂണിവേഴ്‌സിറ്റി ഫാക്കൽട്ടി ഡോ. ടി.എസ്. ഗിരീഷ് കുമാർ മുഖ്യ പ്രഭാഷണം നടത്തി. ഡോ. രാജീവ് കുമാർ, ഡോ. എം.ആർ. ഗോപാലകൃഷ്ണൻ, ഡോ. ഹരിലക്ഷ്മീന്ദ്രകുമാർ എന്നിവർ പ്രബന്ധങ്ങൾ അവതരിപ്പിച്ചു. ഡോ. സജ്‌ന ജലീൽ, റിൻസി മോൾ മാത്യു, ഡോ. ആർ. സഞ്ജയാനന്ദ്, എൻ.ബി. സ്മിത എന്നിവർ പങ്കെടുത്തു.

(പി.ആർ.ഒ./39/88/2019)

## ഫോട്ടോ ക്യാപ്ഷൻ

**മഹാത്മാ ഗാന്ധി സർവകലാശാല സെന്റർ ഫോർ യോഗ ആന്റ് നാച്ചുറോപ്പതിയുടെയും സ്‌കൂൾ ഓഫ് പെഡഗോഗിക്കൽ സയൻസസിന്റെയും സംയുക്താഭിമുഖ്യത്തിൽ 'യോഗ: മുൺഡേയ്ൻ ആന്റ് ട്രാൻസെൻഡെന്റൽ' എന്ന വിഷയത്തിൽ നടന്ന ദേശീയ സെമിനാർ വൈസ് ചാൻസലർ പ്രൊഫ. സാബു തോമസ് ഉദ്ഘാടനം ചെയ്യുന്നു**

(പി.ആർ.ഒ./39/89/2019)

**പി.കെ. സജീവ്**
ഡെപ്യൂട്ടി രജിസ്ട്രാർ &
പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ ചാർജ്)